# Phone call between Prime Minister ShriNarendraModi and His Excellency Abdel Fattah Al-Sisi, President of Egypt

May 26, 2020

---

## പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദിയും ഈജിപ്ത് പ്രസിഡണ്ട് ശ്രീ അബ്ദെൽ ഫത്താഹ് അൽ സിസി യും തമ്മിലുള്ള ടെലിഫോൺ സംഭാഷണം

മെയ് 26, 2020

ഇന്ന് നടത്തിയ ടെലിഫോൺ സംഭാഷണത്തിൽ പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോഡി ഈജിപ്ത് പ്രസിഡണ്ട് ശ്രീ അബ്ദെൽ ഫത്താഹ് അൽ സിസിയ്ക്ക് ഈദ് -ഉൽ -ഫിത്തർ ആശംസകൾ അറിയിച്ചു.

തിരികെ ആശംസിച്ചു കൊണ്ട്, ഇന്ത്യയും ഈജിപ്തും ലോകത്തത്തിലെ തന്നെ ഏറ്റവും പഴക്കം ചെന്ന സംസ്കാരങ്ങളിലൊന്നാണെന്ന് പരാമർശിച്ചു കൂടാതെ അതിവേഗം വികസിച്ചുകൊണ്ടിരിക്കുന്ന ഉഭയകക്ഷി ബന്ധത്തിൽ അദ്ദേഹം സന്തോഷം പ്രകടിപ്പിച്ചു.

കോവിഡ്-19 പ്രതിസന്ധി സമയത്തു ഈജിപ്തിൽ ഉണ്ടായിരുന്ന ഇന്ത്യൻ പൗരനുടെ സുരക്ഷയ്ക്കും ക്ഷേമത്തിനുമായി ഈജിപ്ത്യൻ അധികാരികൾ നൽകിയ പിന്തുണയ്ക്ക പ്രധാനമന്ത്രി നന്ദി അറിയിച്ചു.

കോവിഡ് -19 പകർച്ച വ്യാധിയുടെ സാനിധ്യത്തിൽ മാറ്റി വച്ച തന്റെ ഈജിപ്ത് സന്ദർശനത്തെ കുറിച്ച് പരാമർശിച്ചു, സാഹചര്യങ്ങൾ അനുവദിക്കുകയാണെങ്കിൽ എത്രയും പെട്ടന്ന് പ്രസിഡണ്ട് സിസിയുമായുള്ള കൂടിക്കാഴ്ച സാധ്യമാകട്ടെയെന്നു അദ്ദേഹം പറഞ്ഞു.

**ന്യൂ ഡൽഹി**
**26 മെയ് , 2020**

DISCLAIMER: This is an approximate translation. The original is available in English on MEA’s website and may be referred to as the official press release.